## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3603** **20.06.2018 ൽ മറുപടിയ്ക്ക്**

**ബ്ലഡ് ബാങ്ക് ടെക്നീഷ്യൻമാരുടെ പ്രൊമോഷൻ**

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിന്റെ കീഴിൽ ബ്ലഡ് ബാങ്കുകൾ, കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റുകൾ, സ്റ്റോറേജ് സെന്ററുകൾ എന്നിവ എത്രയെണ്ണം വീതമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | ആരോഗ്യ വകുപ്പിന്റെ കീഴിൽ നിലവിൽ 37 രക്തബാങ്കുകളും 24 രക്തഘടക വേർതിരിക്കൽ യൂണിറ്റുകളും 50 രക്തസംഭരണ യൂണിറ്റുകളും ഉണ്ട്. |
| (ബി) | ഇവയിലെല്ലാം കൂടി എത്ര ജീവനക്കാരാണ് നിലവിലുള്ളത്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | ഇവയിലെല്ലാം കൂടി ബ്ലഡ് ബാങ്ക് ടെക്നീഷ്യൻമാരുടെ 58 അനുവദനീയ തസ്തികകൾ ഉണ്ട്. |
| (സി) | ഡി.എം.ഇ.യുടെ കീഴിലുള്ള ബ്ലഡ് ബാങ്ക് ടെക്നീഷ്യന്മാരുടെ പ്രൊമോഷൻ തസ്തികകളായ സീനിയർ സയന്റിഫിക് അസിസ്റ്റന്റ്, ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് എന്നിവയ്ക്ക് സമാനമായ പ്രൊമോഷൻ തസ്തികകൾ ഇല്ലാത്തതിനാൽ, ഡി.എച്ച്.എസ്.നു കീഴിൽ ഈ ജോലിയിൽ പ്രവേശിക്കാൻ ഉദ്യോഗാർത്ഥികൾ താൽപര്യം കാണിക്കാത്ത സാഹചര്യം പരിശോധിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ബ്ലഡ് ബാങ്ക്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ബ്ലഡ് സെപ്പറേഷൻ യൂണിറ്റ് എന്നിവയിലെ ടെക്നീഷ്യന്മാരുടെ നിയമനം, ഇവരുടെ പ്രൊമോഷൻ തസ്തിക സൃഷ്ടിക്കൽ, യൂണിറ്റുകളുടെ നവീകരണം എന്നിവ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിക്കുമോ? | | ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതി വിഹിതത്തിൽ (പ്ലാൻ ഫണ്ട്) നിന്നും ഫണ്ട് ലഭ്യമാക്കി ബ്ലഡ് ബാങ്ക്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ബ്ലഡ് സെപ്പറേഷൻ യൂണിറ്റ് എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ